(സി) മാറാട് കലാപത്തിൽ ഉണ്ടായ നാളശനഷ്ടങ്ങളുമായി ബന്ധപ്പെട്ട് ബേപ്പൂർ പോലീസ് സ്റ്റേഷനിൽ 164 കേസുകളും മാറാട് പോലീസ് സ്റ്റേഷനിൽ 44 കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിൽ 124 കേസുകൾ തെളിയേണ്ടതും പട്ടികയിൽ (യു.ഡി.) ഉൾപ്പെടുത്തിയും, 25 കേസുകൾ ഫാൾസ് ആയും ഒരു കേസ് തുടർ നടപടികൾ ആവശ്യമില്ലാത്ത വിഭാഗത്തിലും (എഫ്. എ. ഡി.) ഉൾപ്പെടുത്തി തീർപ്പ് കൽപിച്ച് ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ബാക്കി 58 കേസുകളിൽ അന്വേഷണം നടത്തിവരുന്നതുമാണ്. ഈ സംഭവത്തോടനുബന്ധിച്ച് ഉദ്ദേശം 63,79,810 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ 40,000 രൂപയോളം വിലവരുന്ന ഒരു മോട്ടോർ സൈക്കിൾ കത്തി നശിക്കുകയും 5-ഓളം വീടുകൾക്ക് നിസ്സാര നാശനഷ്ടങ്ങൾ വരികയും ചെയ്തിട്ടുണ്ട്.

(ഡി) അന്വേഷണത്തിന്റെ ഭാഗമായി കളവുപോയ തൊണ്ടി സാധനങ്ങൾ യാതൊന്നും തന്നെ കണ്ടെടുത്തിട്ടില്ല. കളവു നടത്തിയ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ ആർക്കെതിരെയും കേസ്സെടുക്കുകയോ, ആരെയും കസ്റ്റഡിയിലെടുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ മുതലുകൾ കളവുപോയതിന്റെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

(ഇ) കേസുകളുടെ അന്വേഷണം നിർത്തിവയ്ക്കാൻ തീരുമാനമൊന്നും എടുത്തിട്ടില്ല. കേസുകൾ ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

(എഫ്) പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് കേസിന്റെ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

*13 [13] ശ്രീ. വി. കെ. ചന്ദ്രൻ:
,, ടി.കെ. ദേവകുമാർ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്ത മീറ്ററുകൾ സ്ഥാപിച്ചു വരുന്നതുമൂലം സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് മുമ്പ് ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്തിയ ലബോറട്ടറികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ബോർഡ് ഇതിനകം എത്ര ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങിയിട്ടുണ്ടെന്നും വിതരണം ചെയ്തിട്ടുള്ളത് എത്രയാണെന്നും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളവ എത്രയാണെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം ഉണ്ടാക്കാൻ എന്ത് നടപടിയാണ് ബോർഡ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഗുണനിലവാരമില്ലാത്ത മീറ്ററുകൾ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടില്ല. എങ്കിലും വൈദ്യുതി ഉപഭോക്താക്കളുടെ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) I.S.O. അംഗീകാരമുള്ള കമ്പനികളിൽ നിന്ന് I.S. മാർക്കുള്ള മീറ്ററുകൾ മാത്രമേ വൈദ്യുതി ബോർഡ് വാങ്ങുന്നുള്ളൂ. ഇങ്ങനെ വാങ്ങുന്ന മീറ്ററുകൾ വൈദ്യുതി ബോർഡിന്റെ കീഴിൽ തിരുവനന്തപുരം, പള്ളം, അങ്കമാലി, ഷൊർണ്ണൂർ, കണ്ണൂർ എന്നിവിടങ്ങളിലുള്ള മീറ്റർ ടെസ്റ്റിംഗ് യൂണിറ്റുകളിൽ ഗുണനിലവാരം ഉറപ്പു വരുത്തുന്നു.

(ഡി) 28,43,250 (ഇരുപത്തിയെട്ടുലക്ഷത്തി നാൽപത്തിമൂവായിരത്തി ഇരുനൂറ്റിയൻപത്) മീറ്ററുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ 19,09,646 (പത്തൊൻപത്‌ലക്ഷത്തി ഒൻപതിനായിരത്തി അറുനൂറ്റി നാൽപത്തിയാറ്) എണ്ണം വിതരണം ചെയ്തിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ കീഴിലുള്ള മീറ്റർ ടെസ്റ്റിംഗ് യൂണിറ്റുകളിൽ പരിശോധന കഴിഞ്ഞ് ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമാണ് മീറ്ററുകൾ സ്വീകരിച്ചിട്ടുള്ളത്.

(ഇ) പരാതിയുള്ള മീറ്ററുകൾ പരിശോധിച്ച് തകരാറുണ്ടെങ്കിൽ സൗജന്യമായി മാറ്റി സ്ഥാപിച്ചു നൽകുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് കേരള സർക്കാരിന്റെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികളിൽ സ്വന്തം ചെലവിൽ പരിശോധിക്കുവാനുള്ള സൗകര്യവും ഉണ്ട്. കൂടാതെ എല്ലാ സെക്ഷനുകളിലും ഇത്തരത്തിലുള്ള പരാതികൾ സ്വീകരിക്കുന്നതിനും ആയത് ഏഴ് ദിവസത്തിനകം പരിശോധിക്കുന്നതിനും തകരാറുള്ള മീറ്ററുകൾ ബോർഡ് ചെലവിൽ മാറ്റുന്നതിനും അധിക ബില്ലുകളെന്തെങ്കിലും വന്നിട്ടുണ്ടെങ്കിൽ ആയത് തുടർന്നു വരുന്ന മാസത്തിലെ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ പ്രശ്നങ്ങൾ

*14 [14] ശ്രീ. എം. വി. ജയരാജൻ:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. രാധാകൃഷ്ണൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് കേന്ദ്രത്തിൽ അധികാരമേറ്റ പുതിയ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly